ജനങ്ങളെ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്നതിനായി ഇ-സാക്ഷരതാ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ഐ.ടി അധിഷ്ഠിത സേവനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള വിശദമായ പഠനം നടത്തുന്നതാണ്.

(സി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് നൽകുന്ന സേവനങ്ങൾ എല്ലാംതന്നെ സാർവത്രികമായി എല്ലാ മേഖലയിലുള്ളവർക്കും ഉപയോഗിക്കാൻ പര്യാപ്തമാണ്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കമ്പ്യൂട്ടർ-ഇന്റർനെറ്റ് സൗകര്യങ്ങൾ ഇല്ലാത്തവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇതര ഇന്റർനെറ്റ് സെന്ററുകൾവഴിയും ആധുനിക വിവര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വിദ്യാഭ്യാസ വകുപ്പും ഐ.ടി മിഷനും സംയുക്തമായി ചേർന്ന് ബി.പി.എൽ കുടുംബങ്ങളിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു ചേർന്ന പെൺകുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-ഡിസ്ട്രിക്ട്, ഐടി@സ്കൂൾ, വെർച്വൽ ക്ലാസ് റൂംസ്, സ്മാർട്ട് ക്ലാസ് റൂംസ്, ഡിജിറ്റൽ ലോക്കർ സംവിധാനം, പെൻഷൻ ലഭിക്കുന്നതിന് ആധാർ അധിഷ്ഠിതമായി ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം, ഡിജിറ്റൽ ലിറ്ററസി പദ്ധതി തുടങ്ങിയവ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കടക്കം പ്രയോജനകരമായ നൂതന പദ്ധതികളാണ്.

(ഡി) ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഏതാണ്ട് പൂർണ്ണ തൃപ്തിൽത്തന്നെ ഐ.ടി അധിഷ്ഠിത സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ട്.

ഭവന നിർമ്മാണ ബോർഡിന്റെ കടബാദ്ധ്യത

4 (*634) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; വിവരിക്കുമോ ;

(സി) ഇതുമൂലം ഭവന നിർമ്മാണ രംഗത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹഡ്കോയ്ക്ക് അടയ്ക്കുവാനുള്ള കടബാദ്ധ്യതയിൽ 802.41 കോടി രൂപ നൽകി ഭവനനിർമ്മാണബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ പ്രതിസന്ധി

5 (*635) ശ്രീ. ബി. സത്യൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിസന്ധിയുടെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ടൈറ്റാനിയം ഡയോക്സൈഡിന് ആഭ്യന്തര മാർക്കറ്റിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനാധാരമായ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) കമ്പനിയുടെ മികച്ച ഋണനിലവാരം പുലർത്തിയിരുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഋണനിലവാരം ഇപ്പോൾ പിറകോട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളതലത്തിലുള്ള വിലയിടിവും അനാരോഗ്യകരമായ ഇറക്കുമതിയും കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രധാനമായും ചൈന, കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly